**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീ.കെ.രാജൻ- സാഹിത്യരചന നടത്തുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 2238/ 2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 11.10.2019

പരാമർശം : 1. ശ്രീ.കെ.രാജൻ സമർപ്പിച്ച 24.09.2018 തീയതിയിലെ അപേക്ഷ.
2. നഗരകാര്യ ഡയറക്ടറുടെ 03.04.2019 തിയതിയിലെ ഇ 3- 21570/ 18 നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.കെ.രാജന്, മടവൂർ രാജൻ എന്ന പേരിൽ സാഹിത്യരചന നടത്തുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിലേക്കായി ടിയാൾ നഗരസഭാസെക്രട്ടറി മുഖേന സമർപ്പിച്ച അപേക്ഷ പരാമർശം 2 കത്ത് പ്രകാരം നഗരകാര്യഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960- ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48- ന്റെ ഒന്നാം പ്രൊവിസോ പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്താത്ത രീതിയിൽ പ്രതിഫലേച്ഛയില്ലാതെ കല, സാഹിത്യം, ശാസ്ത്രം എന്നീ സ്വഭാവത്തിലുള്ള പ്രവർത്തനങ്ങളിൽ വല്ലപ്പോഴും ഏർപ്പെടാവുന്നതാണ്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതും: പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരിനെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലാത്തതുമാകുന്നു. കൂടാതെ സ്വകാര്യ പ്രസാധകർ മുഖേന കച്ചവടാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്നതിനോ, സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനോ, രചനകൾ സ്ഥിരമായി നിർവ്വഹിക്കുന്നതിന് പൊതുവായ അനുമതി നൽകുന്നതിനോ വ്യവസ്ഥയില്ല.

3. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീ. കെ.രാജന്, 1960- ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ. ചട്ടം 48- ന്റെ ഒന്നാം പ്രൊവിസോ പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്താത്ത രീതിയിൽ പ്രതിഫലേച്ഛയില്ലാതെ, മടവൂർ രാജൻ എന്ന പേരിൽ സാഹിത്യരചന നടത്തുന്നതിനും KGSC Rules 1960 ലെ ചട്ടം 62, ചട്ടം 63

എന്നിവകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ആയത് പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യു**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.കെ.രാജൻ, സീനിയർ ക്ലർക്ക്, തിരുവനന്തപുരം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ